കെ. യു. ഡി. എഫ്. സി. ഭരണത്തെ സജീവമാക്കാൻ നടപടി

87 (3839) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരവികസനത്തെപ്പറ്റിയുള്ള ശാസ്ത്രീയ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ കെ. യു. ഡി. എഫ്. സി. പുനഃസംഘടിപ്പിക്കാനും വിപുലപ്പെടുത്താനും ഗവൺമെന്റ് സന്നദ്ധമാകുമോ ;

(ബി) കെ. യു. ഡി. എഫ്. സി. യുടെ വളർച്ച മുരടിച്ച് നിൽക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് എപ്പോഴെങ്കിലും പരിശോധിച്ചിട്ടുണ്ടോ ;

(സി) ഒരു ഐ.എ.എസ്. ഓഫീസർ എം.ഡി.യായി കെ.യു.ഡി.എഫ്.സി. ഭരണത്തെ സജീവവും, ലക്ഷ്യബോധവുമുള്ളതുമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.യു.ഡി.എഫ്.സി. പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) കാലാകാലങ്ങളിൽ കെ.യു.ഡി.എഫ്.സി.യുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചു. വിലയിരുത്തുകയും ഇനിയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് കേന്ദ്ര വിദഗ്ദ്ധ സംഘത്തിന്റെ പഠനം

88 (3840) ശ്രീ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനി വ്യാപിപ്പിക്കുന്ന വൈറസുകളെ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) വ്യാപകമാകുന്ന പനി നിയന്ത്രിക്കുന്നതിനും പനിമൂലമുള്ള മരണങ്ങൾ നിയന്ത്രിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടി ഗുണപ്രദമല്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പനി പിടിപെടാനുള്ള യഥാർത്ഥ കാരണങ്ങൾ കണ്ടുപിടിക്കുന്നതിന് ഡോക്ടർമാർ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വിദഗ്ദ്ധ സംഘം കേരളത്തിൽ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോഴത്തെ വൈറൽ പനിയുടെയും ഡങ്കിപ്പനിയുടെയും അണുക്കൾ വേർതിരിക്കാനായി മധുരയിൽ നിന്നും വിദഗ്ദ്ധ സംഘം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് കൊതുകുകളേയും രക്തത്തിന്റെ സാമ്പിളുകളും കൊണ്ടു പോയിട്ടുണ്ട്. അവരുടെ പരിശോധനകൾ കഴിഞ്ഞാൽ മാത്രമേ ഏതുതരം വൈറസാണെന്ന് കൃത്യമായി പറയുവാൻ കഴിയുകയുള്ളു. ഇതുവരെ നടത്തിയ രക്ത പരിശോധനയിലും ഡൽഹിയിൽ നിന്നുവന്ന വിദഗ്ദ്ധ സംഘം നടത്തിയ രക്ത പരിശോധനയിലും ഇപ്പോഴത്തെ പനി ഡങ്കിപ്പനിയാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. അതിൽ ഏതു വൈറാസാണെന്ന് തിരിച്ചറിയാനുള്ള പഠനം നടത്തിവരുന്നു.

(ബി) ഇത്തരം വിമർശനപരമായ അഭിപ്രായപ്രകടനങ്ങൾ സ്വാഭാവികമാണ്. പനി നിയന്ത്രിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(സി) പനിയെപ്പറ്റി പഠനം നടത്താൻ ഡൽഹിയിലെ പകർച്ചവ്യാധി നിയന്ത്രണ സ്ഥാപനത്തോട് ആവശ്യപ്പെടുകയും അവിടെ നിന്ന് മൂന്നംഗ വിദഗ്ദ്ധ സംഘം ഇവിടെ വന്ന് പഠനം നടത്തുകയുമുണ്ടായി. ഇതുവരെ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന നിഗമനത്തിൽ അവർ എത്തിയിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന പ്രധാന രോഗങ്ങളും, അവയെ പ്രതിരോധിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികളും

89 (3841) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മാരക രോഗങ്ങളെയും അവ വ്യാപിക്കുന്നതിനെയും സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത രോഗങ്ങൾ ബാധിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) സർക്കാർ നടത്തിയ പഠനത്തിന്റെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ ഇപ്പോൾ ഏറ്റവും കൂടുതലായി കണ്ടുവരുന്ന പ്രധാന രോഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) അധികമായി കണ്ടുവരുന്ന രോഗങ്ങളെയും അവയെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുമായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളെയും കുറിച്ച് വിശദമാക്കാമോ ;

(ഇ) സർക്കാർ നാളിതുവരെ സ്വീകരിച്ച പ്രതിരോധ നടപടികളുടെ ഫലമായി പ്രസ്തുത രോഗങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly